## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമ പഞ്ചായത്തിലെ അപ്പർ ഡിവിഷൻ ക്ലാർക്ക് ശ്രീ.എൻ.ശശികുമാറിന്റെ ചികിൽസാ ചെലവ്- മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.1505/2013/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,10/06/2013.**

---

പരാമർശം:- 1) ശ്രീ.എൻ.ശശികുമാറിന്റെ 25/06/2012 ലെ അപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 07/01/2013 ലെ എഫ്2-19732/12 നമ്പർ കത്ത്.

### ഉത്തരവ്

ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമ പഞ്ചായത്തിലെ അപ്പർ ഡിവിഷൻ ക്ലാർക്ക് ശ്രീ.എൻ.ശശികുമാറിന് കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ വച്ച് ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ ₹ 111457/-രൂപ (രൂപ ഒരു ലക്ഷത്തി പതിനൊന്നായിരത്തി നാന്നൂറ്റി അൻപത്തി ഏഴ് മാത്രം) അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% തുകയായ ₹ 89165/- (രൂപ എൺപത്തി ഒൻപതിനായിരത്തി ഒരുന്നൂറ്റി അറുപത്തി അഞ്ച് മാത്രം) അപേക്ഷകന് അനുവദിക്കാവുന്നതാണെന്നും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമ പഞ്ചായത്തിലെ അപ്പർ ഡിവിഷൻ ക്ലാർക്ക് ശ്രീ.എൻ.ശശികുമാറിന് കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ വച്ച് ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചികിൽസ നടത്തിയ ഇനത്തിൽ ചെലവുവന്ന അനുവദനീയമായ തുകയുടെ 80% തുകയായ ₹ 89165/- (രൂപ എൺപത്തി ഒൻപതിനായിരത്തി ഒരുന്നൂറ്റി അറിപത്തി അഞ്ച് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ ഉറപ്പു വരുത്തി ശ്രീ.എൻ.ശശികുമാറിന് നേരിട്ട ചികിൽസാ ചെലവിൽ അനുവദനീയമായ തുകയുടെ 80% തുകയായ₹89165/- (രൂപ എൺപത്തി ഒൻപതിനായിരത്തി ഒരുന്നൂറ്റി അറിപത്തി അഞ്ച് മാത്രം) മാന്നാർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(LBA&A) തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകൾ സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആന്റ് ആഡിറ്റ് , തിരുവനന്തപുരം;
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
ശ്രീ.എൻ.ശശികുമാർ,അപ്പർ ഡിവിഷൻ ക്ലാർക്ക് , മാന്നാർ ഗ്രാമ പഞ്ചായത്ത്,ആലപ്പുഴ. (മാന്നാർ ഗ്രാമ പഞ്ചായത്ത്, സെക്രട്ടറി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധന കാര്യ വകുപ്പ്(30/03/2013 ലെ23940/WW3/13/ഫിൻ ) പ്രകാരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ